കലാകൗമുദി
1187 മകരം 8 2012 ജനുവരി 28 ശനി
ഉത്തൃട്ടാതി 35–44 പഞ്ചമി 21–44
1933 മാഘം 04 1433 അവ്വൽ 08

ചെങ്കോട്ടയിൽ ത്രിവർണ പതാക ഉയർന്നപ്പോൾ

ഭിന്ന ഭാഷകൾ സംസാരിക്കുന്നവരും ഭിന്ന സംസ്കാരം പുലർത്തുന്നവരും ഭിന്ന മതങ്ങളിൽ വിശ്വസിക്കുന്നവരുമാണെങ്കിലും ഇന്ത്യ എന്ന ഏകത്വത്തിൽ പരസ്പരം സഹോദരങ്ങളാണ് നാം ഭാരതീയർ. നമ്മുടെ രാഷ്ട്ര നേതാക്കൾ എഴുതിവച്ച ഭരണഘടന മുറുകെപ്പിടിച്ച് റിപ്പബ്ലിക് ഒഫ് ഇന്ത്യൻ യൂണിയൻ നിലവിൽ വന്നിട്ട് അറുപത്തിരണ്ടു വർഷം പൂർത്തിയായി. അറുപത്തിമൂന്നാമതു റിപ്പബ്ലിക് ദിനാഘോഷങ്ങൾ ന്യൂഡൽഹിയിലെ ചെങ്കോട്ടയിൽ ത്രിവർണ പതാക ഉയർത്തിയപ്പോൾ, ദേശീയതയുടെ മുഴുവൻ സത്തയും ഉൾക്കൊണ്ട് നൂറ്റിയിരുപതിൽപ്പരം കോടി ജനങ്ങൾ ഒരേ സമയം, ഏറ്റുവിളിച്ചു, വന്ദേ മാതരം. നാട്ടുരാജാക്കന്മാരും ചക്രവർത്തിമാരും അടക്കിവാണ ഒരു പുരാതന കാലം നമുക്കുണ്ടായിരുന്നു. പ്രജാതത്പരരായ നിരവധി ചക്രവർത്തിമാർ നാടുവാണിരുന്നെങ്കിലും ഏകാധിപത്യത്തിന്റെ നുകത്തിൻ കീഴിൽ നിശബ്ദമാക്കപ്പെട്ട ജനങ്ങളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. പരസ്പരം പടനയിച്ചും വെട്ടിപ്പിടിച്ചും കലഹിച്ചും കൊന്നും കൊലവിളിച്ചും ഭരണം നയിച്ചവർക്കിടയിലെ ഭിന്നത മുതലെടുത്താണ് വൈദേശികാധിപത്യം ഇവിടെ കടന്നുവന്നത്. കൊളോണിയൻ അധീശത്വത്തിൽ നൂറ്റാണ്ടുകൾ നീണ്ട അടിമത്തമായിരുന്നു പിന്നീട്. വിദേശാധിപത്യത്തിൽ നിന്ന് ഭാരതത്തെ സ്വാതന്ത്ര്യത്തിലേക്ക് വീണ്ടെടുക്കാൻ അനേകമനേകം ദേശസ്നേഹികളുടെ ജീവൻതന്നെ ബലികഴിക്കേണ്ടിവന്നു. മഹത്തായ രക്തസാക്ഷിത്വങ്ങളുടെ ഗുണഭോക്താക്കളാണ് ഇന്ന് സ്വാതന്ത്ര്യത്തിന്റെ നല്ല നാളുകളിൽ ജീവിക്കുന്ന നമ്മൾ.

സ്വാതന്ത്ര്യലബ്ധിയുടെ അറുപത്തഞ്ചാണ്ടുകൾ പിന്നിടുമ്പോൾ ലോകത്തിനു തന്നെ മാതൃകയാണ് നമ്മുടെ ജനാധിപത്യം. എന്നാൽ, ജനാധിപത്യ ഭാരതം നേരിടുന്ന വെല്ലുവിളികൾ തീർച്ചയായും നിസാരമല്ല. പരിപക്വമായ ജനാധിപത്യത്തിലേക്കുള്ള ചുവടുവയ്പ്പിൽ സ്ത്രീ ശാക്തീകരണമടക്കം പലതും ഇനിയും നമുക്കു നേടാനുണ്ട്. ഈ സ്ഥിതിവിശേഷത്തിലേക്ക് വിരൽചൂണ്ടിക്കൊണ്ടാണ് രാഷ്ട്രപതി പ്രതിഭ പാട്ടീൽ രാഷ്ട്രത്തെ അഭിസംബോധന ചെയ്തത്. ജനസംഖ്യയുടെ നേർപകുതിയോളം വരും സ്ത്രീകളുടെ എണ്ണം.

എന്നാൽ, രാഷ്ട്ര നിർമാണത്തിൽ ഇന്നും സ്ത്രീകളുടെ പങ്ക് പരിമിതം. വർഗവിവേചനം അനുവദിക്കുന്നില്ല, നമ്മുടെ ഭരണ ഘടന. എങ്കിലും രാജ്യമെമ്പാടും എല്ലാ മേഖലകളിലും വിവേചനം അനുഭവിക്കുന്നുണ്ട് സ്ത്രീകൾ. സ്ത്രീധനം, പെൺഭ്രൂണഹത്യ, വേതന അസമത്വം എന്നിങ്ങനെ വേരോടെ പിഴുതെറിയപ്പെടേണ്ട അനീതികൾ പലതും ഇന്നും നിയമത്തെ വെല്ലുവിളിച്ച് നിലനിൽക്കുന്നുണ്ട് നമ്മുടെ നാട്ടിൽ.

ഭരണപങ്കാളിത്തത്തിൽ നിന്ന് സ്ത്രീകളെ ബോധപൂർവം തന്നെ അകറ്റി നിർത്തുന്നു. സ്ത്രീകളെ ദേശീയ മുഖ്യധാരയിലേക്കു പൂർണമായും കൊണ്ടുവരാൻ ശക്തമായ പ്രവർത്തനം ഇനിയുമുണ്ടാവേണ്ടിയിരിക്കുന്നു എന്നും ചൂണ്ടിക്കാട്ടി രാഷ്ട്രപതിയുടെ റിപ്പബ്ലിക് ദിന സന്ദേശം. പാർലമെന്റിന്റെ ഫ്രീസറിലാണ് ഇപ്പോഴും സ്ത്രീ സമത്വത്തിന്റെ മാഗ്നാകാർട്ട എന്നു വിശേഷിപ്പിക്കപ്പെടുന്ന വനിതാ സംവരണ ബില്ലിന് സ്ഥാനം എന്ന സ്ഥിതിവിശേഷം തന്നെ ഇന്ത്യൻ സ്ത്രീത്വത്തിന്റെ ദുരവസ്ഥയ്ക്കു ഒന്നാംതരം ഉദാഹരണം.

അഴിമതിയിൽ ലോകത്ത് ഒന്നാം നിരയിലാണ് ഇന്ത്യയുടെ സ്ഥാനം. സാക്ഷരത, ശുദ്ധജല ലഭ്യത, പോഷകാഹാര ലഭ്യത, മാതൃ ശിശുമരണനിരക്ക് ഭക്ഷ്യസുരക്ഷ, തൊഴിൽ സുരക്ഷ, വയോജന സംരക്ഷണം എന്നിങ്ങനെ ജനക്ഷേമത്തിന്റെ വിവിധ തലകളിൽ ലോകനിലവാരത്തിന് താഴെയാണ് നമ്മുടെ നാടിപ്പോൾ. അനേക ദശലക്ഷം കോടികൾ ആണ്ടോടാണ്ട് ചെലവഴിക്കപ്പെടുമ്പോഴും ആസൂത്രണത്തിലെ പിഴവുകളും നടപ്പാക്കലിലെ പോരായ്മകളും മൂലം ഈ പണത്തിലേറെയും ഗുണഭോക്താക്കളിലെത്താതെ പോകുന്നു. അടിസ്ഥാന മേഖല തൊട്ട് മുകളറ്റം വരെ ഭരണ ആസൂത്രണ സംവിധാനങ്ങളിൽ കർശനമായ അഴിച്ചുപണിയും നിയന്ത്രണങ്ങളും കൂടിയേ തീരൂ രാഷ്ട്രപുരോഗതിക്ക്. അഴിമതി നിർമാർജനവും ദാരിദ്ര്യ നിർമാർജനവുമെല്ലാം വെറും വാക്കുകളിൽ ഒതുങ്ങിപ്പോയിരിക്കുന്നു ഇക്കഴിഞ്ഞ ആറു പതിറ്റാണ്ടുകളിൽ. അസ്ഥിരതകളും അതൃപ്തികളും മുതലെടുക്കാൻ കരുതി നിൽക്കുന്ന തീവ്രവാദ സംഘടനകൾ ഒരുവശത്ത്. രാജ്യത്തിനു പുറത്തുനിന്നുള്ള സുരക്ഷാ ഭീഷണികൾ മറ്റൊരു വശത്ത്. ഇന്ത്യൻ പാർലമെന്ററി സമ്പ്രദായത്തെത്തന്നെ വെല്ലുവിളിക്കും വിധം അണ്ണ ഹസാരെ മോഡൽ സമരാഭാസങ്ങൾ ജനാധിപത്യത്തിനു തന്നെ വെല്ലുവിളിയാകുന്നതു പുതിയ പ്രവണത.

ഇന്ത്യയുടെ ജനാധിപത്യത്തെ കാത്തുരക്ഷിക്കാൻ ചുമതലയുള്ളവരുടെ ഉത്തരവാദിത്വങ്ങൾ പെരുകുകയാണ്, ഓരോ റിപ്പബ്ലിക് ദിനവും കടന്നുപോകുമ്പോൾ. ഈ ചുമതലകൾ കാര്യക്ഷമമായി നിറവേറ്റാൻ രാജ്യത്തിന്റെ ഭരണാധികാരികൾ പ്രതിജ്ഞാബദ്ധരാണ്. അവർക്ക് അതിന് കഴിയുമോ എന്ന ആശങ്കയോടെതന്നെ രാജ്യം ഉറ്റുനോക്കുന്ന

മയ്യഴിക്ക് മറക്കാനാവാത്ത നേതാവ്



മാഹി: പുതുച്ചേരി കണ്ട എക്കാലത്തേയും മഹാനായ നേതാവ് എം.ഒ. എച്ച് ഫറൂഖിന്റെ വിയോഗത്തിലൂടെ മയ്യഴിക്ക് നഷ്ടമായത് ആത്മമിത്രത്തെ. മയ്യഴിക്കാരെ സ്വന്തം നാട്ടുകാരെ പോലെ സ്നേഹിച്ചിരുന്ന ഫാറൂഖിന് ഒട്ടുമിക്ക മയ്യഴിക്കാരെയും നേരിട്ടറിയാം. മയ്യഴിയുടെ മുക്കും മൂലയുമറിയാം. ഇരുപത്തിയേഴാം വയസ്സിൽ രാജ്യത്തെ ഏറ്റവും പ്രായംകുറഞ്ഞ മുഖ്യമന്ത്രിയായി പുതുച്ചേരിയിൽ അധികാരമേറ്റതിന് ശേഷം കഴിഞ്ഞ വർഷം വരെ പലവട്ടം മയ്യഴി സന്ദർശിച്ച ഫാറൂഖിന് പിറന്ന മണ്ണുപോലെ പ്രിയങ്കരമായിരുന്നു മയ്യഴി.

കുഞ്ഞാലിമരക്കാരുടെ വംശപരമ്പരയിൽപ്പെട്ട ഫാറൂഖ് രാഷ്ട്രീയരംഗത്തെ പടയാളിയായിരുന്നു. വടകരയ്ക്കടുത്ത കോട്ടക്കലിലായിരുന്നു ഫാറൂഖിന്റെ പൂർവ്വികരുടെ തറവാട്. കഴിഞ്ഞ വർഷമാണ് ഏറ്റവുമൊടുവിൽ അദ്ദേഹം മാഹിയിലെ ചാലക്കരയിൽ ഒരു പൊതുചടങ്ങിനെത്തിയത്. കേരള ഗവർണ്ണറായി നിയമിതനായ ശേഷം മയ്യഴിക്കാർ അദ്ദേഹത്തിന് നൽകിയ ഗംഭീര വരവേൽപ്പുകൂടിയായിരുന്നു അത്. ഗവ. പോളിടെക്നിക് കോളേജ് കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങായിരുന്നു അത്.

മകനും പുതുച്ചേരി വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന എം.ഒ.എച്ച്.എഫ് ഷാജഹാനും അദ്ദേഹത്തോടൊപ്പം അധ്യക്ഷനായി വേദിയിലുണ്ടായിരുന്നു. മന്ത്രിയായ മകന്റെ നിയന്ത്രണത്തിൽ നടന്ന ആ ചടങ്ങിൽ ഉദ്ഘാടകനായ ഫാറൂഖ് വികാരനിർഭരനായാണ് സംസാരിച്ചത്. മയ്യഴിക്കാരെ പേര് വിളിച്ച് സംസാരിച്ച അദ്ദേഹം ജന്മനാട്ടിലെന്നപോലെ ആത്മബന്ധങ്ങളുടെ കെട്ടഴിച്ച ദിവസമായിരുന്നു അന്ന്.

മയ്യഴി വിമോചനസമര നായകൻ ഐ.കെ. കുമാരൻമാസ്റ്ററെ തനിക്ക് പേടിയായിരുന്നുവെന്ന് അദ്ദേഹം എം.എൽ.എയായിരുന്നപ്പോൾ സഭയിൽ വെച്ച് മുഖ്യമന്ത്രി ഫാറൂഖ് പറഞ്ഞിരുന്നു.

കുമാരൻ മാസ്റ്റർ മരിച്ചപ്പോൾ മയ്യഴിക്കാർ ആവശ്യപ്പെടാതെ തന്നെ എം.പി ഫണ്ടിൽ നിന്ന് സ്മാരകം നിർമ്മിക്കാൻ പത്തുലക്ഷം രൂപ ഫാറൂഖ് അനുവദിക്കുകയുണ്ടായി. മയ്യഴിയിലെ കെ. ഇ. മൊയ്തുസാഹിബ് തൊട്ട് ഇ. വത്സരാജ്, എ.വി. ശ്രീധരൻ തുടങ്ങിയവർ വരെയുള്ള നേതാക്കളുമായി ഉറ്റബന്ധം പുലർത്തിയിരുന്ന ഫാറൂഖ് മയ്യഴിയുടെ വികസനത്തിന് വേണ്ടി അകമഴിഞ്ഞ സംഭാവനയാണ് നൽകിയത്.

മാഹി സിവിൽ സ്റ്റേഷൻ കെട്ടിടം, മാഹി കോളേജ് കെട്ടിടം, പള്ളൂർ പൊലീസ് സ്റ്റേഷൻ കെട്ടിടം, ജയിൽ തുടങ്ങി നിരവധി സ്ഥാപനങ്ങൾ മയ്യഴിക്ക് അനുവദിച്ചത് ഫാറൂഖായിരുന്നു. 1985ൽ അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് സ്വാതന്ത്ര്യസമര പോരാളികൾക്ക് സംസ്ഥാന പെൻഷൻ അനുവദിച്ചത്.

എം. ഒ. എച്ച്. ഫറൂഖ് ആദർശശുദ്ധിയുള്ള നേതാവ്



തിരുവനന്തപുരം: രാഷ്ട്രീയത്തിൽ ആദർശശുദ്ധി എക്കാലവും കാത്തുസൂക്ഷിച്ച നേതാവായിരുന്നു എം.ഒ.എച്ച് ഫറൂഖ്. മുഖ്യമന്ത്രി, കേന്ദ്രമന്ത്രി, ഗവർണർ എന്നീ നിലകളിൽ പ്രവർത്തിച്ചപ്പോഴൊക്കെ ആദർശത്തിൽ നിന്ന് അണുവിട അദ്ദേഹം വ്യതിചലിച്ചിരുന്നില്ല. രാഷ്ട്രീയ നേതാവ് എന്നതിനൊപ്പം ഒരു നയതന്ത്രജ്ഞൻ എന്ന നിലയിലും അദ്ദേഹം സുത്യർഹമായ സേവനമാണ് രാജ്യത്തിന് നൽകിയത്.

ഫ്രഞ്ച് കോളനിയായിരുന്ന പോണ്ടിച്ചേരിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന പോരാട്ടത്തിൽ പങ്കെടുത്തുകൊണ്ടാണ് അദ്ദേഹം രാഷ്ട്രീയത്തിൽ സജീവമായത്.

പോണ്ടിച്ചേരി മുഖ്യമന്ത്രിയായി 1967ൽ അദ്ദേഹം ചുമതലയേറ്റപ്പോൾ 29 വയസ്സായിരുന്നു പ്രായം. രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മുഖ്യമന്ത്രി എന്ന റെക്കാഡാണ് അന്ന് അദ്ദേഹത്തെ തേടിയെത്തിയത്. തുടർന്ന് രണ്ടുതവണകൂടി അദ്ദേഹം പോണ്ടിച്ചേരിയിലെ മുഖ്യമന്ത്രിയായി.

പോണ്ടിച്ചേരിയിൽ നിന്ന് 1991, 96, 99 വർഷങ്ങളിൽ ലോക്സഭാ അംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 91–92 കാലഘട്ടത്തിൽ കേന്ദ്രമന്ത്രിസഭയിൽ സിവിൽ ഏവിയേഷൻ, ടൂറിസം സഹമന്ത്രിയായിരുന്നു. 75–2000 കാലഘട്ടത്തിൽ കേന്ദ്ര ഹജ് കമ്മിറ്റി അംഗമായിരുന്നു.

2004ൽ സൗദി അറേബ്യയിൽ ഇന്ത്യൻ അംബാസിഡറായി നിയമിക്കപ്പെട്ടു. 2010ലാണ് അദ്ദേഹം ജാർഖണ്ഡ് ഗവർണറായത്. തുടർന്ന് കേരള ഗവർണറായി നിയമിക്കപ്പെടുകയായിരുന്നു. അസുഖം അലട്ടിയിരുന്നതുകാരണം കേരളത്തിൽ പൊതുപരിപാടിയിൽ അദ്ദേഹം കൂടുതൽ പങ്കെടുത്തിരുന്നില്ല.

രാജ്ഭവൻ നവീകരിച്ചു തുടങ്ങിയെങ്കിലും...

ഗവർണറായിരുന്നപ്പോൾ സംസ്ഥാനത്തെ രാജ്ഭവനിൽ നവീകരണ പ്രവർത്തനങ്ങൾക്ക് ഫറൂഖ് തുടക്കം കുറിച്ചിരുന്നു. 40 ലക്ഷത്തിന്റെ പുതിയ ബെൻസ് കാർ അദ്ദേഹത്തിന് സഞ്ചരിക്കാൻ വാങ്ങുകയും ചെയ്തു. എന്നാൽ, അത് ഉപയോഗിക്കാൻ അദ്ദേഹത്തിനായില്ല. അതിനുമുമ്പ് അദ്ദേഹം വേദനയില്ലാത്ത ലോകത്തേക്ക് യാത്രയായി.

റിപ്പബ്ളിക് ദിനത്തിൽ ഗവർണറാണ് സംസ്ഥാനത്ത് ദേശീയ പതാക ഉയർത്തുന്നത്. എന്നാൽ, സംസ്ഥാന ഗവർണർ എം.ഒ. എച്ച് ഫറൂഖ് അത്യാസന്ന നിലയിൽ ചെന്നൈയിലെ ആശുപത്രിയിലായിരുന്നു. കർണാടക ഗവർണർ എച്ച്. ആർ. ഭരദ്വാജിനാണ് ഇപ്പോൾ കേരള ഗവർണറുടെ ചുമതല. റിപ്പബ്ളിക് ദിനത്തിൽ കർണാടകത്തിൽ പതാക ഉയർത്തേണ്ടത് ഭരദ്വാജായതിനാൽ ഇന്നലെ കേരളത്തിൽ വരാനായില്ല. അങ്ങനെ റിപ്പബ്ലിക് ദിനത്തിൽ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി മുഖ്യമന്ത്രി ദേശീയ പതാക ഉയർത്തി. രാത്രിയായപ്പോൾ സംസ്ഥാനം കേട്ടത് ഗവർണർ ഫറൂഖിന്റെ വിയോഗ വാർത്തയായിരുന്നു.

ശരശയ്യയ്ക്കരികെ കൂപ്പുകൈയോടെ

■ സി. രാധാകൃഷ്ണൻ

ശനിയാഴ്ച ഉച്ചയ്ക്ക് ആലപ്പുഴയിൽ നിന്ന് ജോൺ പൂക്കായി എന്ന സുഹൃത്ത് അയച്ച മൊബൈൽ സന്ദേശം. 'അഴീക്കോട് മാഷിന് തീരെ വയ്യാതായിരിക്കുന്നു. നമുക്ക് പ്രാർത്ഥിക്കാം'. ഇപ്പോൾ ഞാനിത് കുറിക്കുമ്പോഴും മാഷ് ശരശയ്യയിലാണ്.

പ്രാർത്ഥിക്കയല്ലാതെ ഒന്നും ചെയ്യാനില്ല. എന്നു നിശ്ചയമായിട്ടും പക്ഷേ, എന്താണ് പ്രാർത്ഥിക്കേണ്ടത് എന്നു തീരുമാനിക്കാൻ പറ്റാതെ വരുന്നു. ഇനി ഇങ്ങോട്ടില്ല എന്ന് അവസ്ഥയായി. വീണ്ടുതരണേ എന്ന് പ്രാർത്ഥിക്കുന്നതിൽ അർത്ഥമില്ല. നിലവിലുള്ള സ്ഥിതി തുടരണേ എന്നു പ്രാർത്ഥിക്കുന്നത് നിർദ്ദയമായിപ്പോവും. അത്രയേറെ വേദനയും വിഷമവും മാഷ് സഹിക്കുന്നു. എന്നാലോ, ഈ കഷ്ടപ്പാടിന് വേഗം അറുതി ഉണ്ടാകണേ എന്നു പ്രാർത്ഥിക്കാനും പറ്റില്ല. ശാന്തം പാപം!

അച്ഛൻ പക്ഷാഘാതം ബാധിച്ച് ബോധവും ചലനശേഷിയുമില്ലാതെ കിടന്നപ്പോൾ അനുഭവിച്ചറിഞ്ഞതാണ് ഈ ഊരാക്കുടുക്കിന്റെ പിരിമുറുക്കം. കണ്ടുകൊണ്ടിരിക്കാൻ വയ്യ. കാണാതിരിക്കാൻ വയ്യ. മെച്ചപ്പെടുത്താൻ ഇനി ഒന്നും ചെയ്യാനില്ല. ഒന്നും ചെയ്യാതിരിക്കാനും വയ്യ. ദുരിതം ഏറെ നീളരുതേ എന്ന് ആശിക്കാതിരിക്കാൻ വയ്യ. ആശിക്കാൻ ഒട്ടും വയ്യ.

ഈ മാസം പത്തിന് അഴീക്കോട് മാഷിനെ ആശുപത്രിയിൽ ചെന്ന് കണ്ടപ്പോഴും ഇതുതന്നെ ആയിരുന്നു ധർമ്മസങ്കടം. അന്നു പക്ഷേ, ഉറച്ച ബുദ്ധിയും തെളിഞ്ഞ സംസാരശേഷിയും അദ്ദേഹത്തിന് കൈമോശം വന്നില്ലായിരുന്നെങ്കിൽ ഈശ്വരാ ഒരു അത്ഭുതംകൊണ്ട് കരകയറ്റണേ എന്നു പ്രാർത്ഥിക്കാൻ സാധിച്ചു.

എങ്കിലും, ഒരു അത്ഭുതത്തിനായി അവസാന നിമിഷം വരെ വെറുതെ ആർത്തിപ്പെടുന്ന ദസ്തയേവ്സ്ക്യൻ കഥാപാത്രമായിപ്പോകുകയാണോ ഞാനും എന്ന് അകമെ കടുത്ത ചിരി മൊട്ടിട്ടു. മാഷുടെ കാര്യത്തിൽ ഇത്തരമൊന്നും നടപ്പില്ല എന്നത് മൂന്നരത്തരം. ഉത്തരായനം കാത്ത് കിടക്കുന്ന പിതാമഹന് ഇന്ദ്രപ്രസ്ഥത്തിലേക്ക് ഇനി ഒരു തിരിച്ചുപോക്കില്ല. ഏയ്തു വീഴ്ത്തിയവർ തന്നെ ശരശയ്യയും കുടിക്കാൻ ആകാശഗംഗയിൽ നിന്ന് ശരമാർഗം ജലവും ഏർപ്പാട് ചെയ്തിരിക്കുന്നു. എല്ലാവരെയും തിരുത്താൻ പരുക്കനായിത്തന്നെ ശ്രമിച്ച എല്ലാവരുടെയും ശത്രുവായി മാറിയ കുലപതി, നമസ്കരിക്കാൻ പലരും ചെല്ലുന്നത് ശാപമുണ്ടാകാതിരിക്കാനും പരബോദ്ധ്യത്തിനും മാത്രം. കശ്മലർക്കെല്ലാം ആശ്വസിക്കാം. ഇനി ആരെയും പേടിക്കാനില്ല.

അപാരമാണ് ആ മഹാഗുരുവിന്റെ കാരുണ്യത്തിന്റെ ആഴവും സ്വഭാവവും. തന്റെ അവസ്ഥ വിസ്മരിച്ചുകൊണ്ട് അദ്ദേഹം എന്നോട് ചോദിച്ചത്. 'രാധാകൃഷ്ണനന് സുഖമില്ലായിരുന്നു എന്ന് ആരോ പറഞ്ഞു. എന്തായിരുന്നു? എന്നാണ്. ആ കൈയും വാരിപ്പിടിച്ച് മറുപടി ഒന്നുമില്ലാതെ ഞാൻ കണ്ണുമടച്ച് നിന്നു. അതുകൊണ്ടും തീർന്നില്ല. ' എനിക്ക് തീരെ വയ്യ. സാരമില്ല. പ്രായമായില്ലേ' എന്ന് എന്നെ സമാശ്വസിപ്പിക്കാനും മാഷ് മറന്നില്ല.

'സ്വാസ്ഥ്യമുണ്ടാകട്ടെ' എന്ന് പിറുപിറുക്കാനേ എനിക്കായുള്ളൂ.

'അതെ! എത്രയോ വർഷങ്ങളായി എനിക്ക് പരിചയമുള്ള ആ അപൂർവ്വമായ ചുണ്ടറ്റച്ചിരി അപ്പോൾ എനിക്കുവേണ്ടി എന്നപോലെ ഒരിക്കൽക്കൂടി ഉദിച്ചു. ' അതിനും അർഹതയായില്ല' എന്നു തോന്നുന്നു. മക്കളെ വേദനിപ്പിച്ച് അമ്മമാർ രസിക്കാറുണ്ടോ? പ്രകൃതി അതും ചെയ്യുന്നു!

അവിടെ ഏറെ നിൽക്കാൻ ശേഷി തികയില്ലെന്ന് അറിയാവുന്നതിനാൽ ഞാൻ മനസ്സുകൊണ്ട് നമസ്കരിച്ച് തിരികെ പോന്നു. കൂടെ ഉണ്ടായിരുന്ന അങ്കണം ഷംസുദ്ദീൻ എന്ന സുഹൃത്ത് കോണിപ്പടികളിറങ്ങുമ്പോൾ പറഞ്ഞു. 'തക്ക സമയത്ത് ഡോക്ടർമാരെ കാണിച്ചിരുന്നെങ്കിൽ സുഖപ്പെടാവുന്നതേ ഉണ്ടായിരുന്നുള്ളൂ.'

എങ്കിലുകൾക്ക് ഇനി എന്ത് പ്രസക്തി എന്ന് എന്നിൽ ഒരു തേങ്ങലുയരുന്നതിനിടെ എന്റെ വീട്ടുകാരി ആരോടെന്നില്ലാതെ കേണു. ' ഇത്രയും നല്ല ആളുകൾക്ക് ഇങ്ങനെ വരാൻ......'

അടുത്ത നിമിഷം ഉത്തരം അവൾ തന്നെ ഒരു നെടുവീർപ്പോടെ കണ്ടുപിടിച്ചു 'രമണ മഹർഷിയും ശ്രീരാമകൃഷ്ണ പരമഹംസരും ഒക്കെ നല്ലവർ തന്നെ ആയിരുന്നല്ലോ. അല്ലെ.

മടക്കയാത്രയിൽ രണ്ട് രംഗങ്ങളാണ് ആദ്യമോർത്തത്. ഒന്ന് മാഷ്ടെ കോഴിക്കോട് ടൗൺഹാളിലെ ഒരു പ്രസംഗം. വിമോചനസമരക്കാലം. പഠിപ്പ് ഞങ്ങളുടെ ജന്മാവകാശം എന്ന മുദ്രാവാക്യവുമായി സമരത്തെ എതിർക്കുന്നവരുടെ പട്ടികയിലായിരുന്നു ഞാൻ. ഞങ്ങൾ സമാന മനസ്കർ പല കോളേജുകളിൽ നിന്നും സംഘടിതമായി എത്തിയിരുന്നത് പ്രസംഗം കേൾക്കാനല്ല. അത് തടസ്സപ്പെടുത്താനാണ്. കാരണം മാഷ് സമരപക്ഷത്തായിരുന്നു. പൊക്കുന്ന് എന്നിടത്തെ ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ഓടി നടന്നാണ് ഞങ്ങൾ ടൗണിലെത്തിയത്. ആകെ തളർന്നിരുന്നു.

ടൗൺഹാളിലാണെങ്കിലോ, തിങ്ങി നിറഞ്ഞ പുരുഷാരം. ഞങ്ങളെത്തിയപ്പോൾ പ്രസംഗം തുടങ്ങിയിട്ടേ ഉള്ളൂ. പോഡിയംസ്റ്റാൻഡിന്റെ പിന്നിൽ നിന്ന് പ്രാസംഗികനെ പുറത്ത് കാണാനില്ല. ഉണക്ക കൊതുമ്പുപോലെ ഒരാൾ! ആ ശിരസ്സിന്റെ ഉച്ചി മാത്രം മൈക്കിനു മുകളിൽ പൊങ്ങിനിൽക്കുന്നു. ശബ്ദത്തിന് അതിയായ ഗാംഭീര്യം. വാക്കുകൾക്ക് സൂചിയുടെ കൂർമ്മ. ഇടതടവില്ലാത്ത ഒഴുക്ക്. ചുരുക്കം എന്തിനാണ് ഞങ്ങൾ വന്നതെന്ന് ഞങ്ങൾ മറന്നുപോയി. പ്രസംഗം തീർന്നപ്പോഴുയർന്ന കയ്യടിയിൽ ഞാനും സ്വയമറിയാതെ പങ്കെടുത്തുംപോയി.

പിന്നീട് ജീവിതയാത്രയിൽ ആദ്യമായി സഹപ്രാസംഗികനായി അദ്ദേഹത്തിനരികിൽ ഒരു വേദിയിൽ പേടിച്ചു ചൂളി ഇരുന്നതും ഓർത്തു.

ശാന്തശീലനായ അദ്ദേഹത്തിന്റെ തീഷ്ണമായ കോപം എന്നെ അമ്പരിപ്പിച്ചത് ഒരു തീവണ്ടിയാത്രയ്ക്കിടെ ആയിരുന്നു. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ ഒരു പരിപാടി കഴിഞ്ഞ് വരികയായിരുന്നു. മാഷോടൊപ്പം പ്രൊഫ. എം. അച്യുതനും പ്രൊഫ. തോമസ് മാത്യുവും പ്രൊഫ. എം. ലീലാവതിയും ഞാനും. യാത്രക്കാരുടെ ടിക്കറ്റ് പരിശോധിക്കാൻ വന്ന ഉദ്യോഗസ്ഥൻ കമ്പാർട്ടുമെന്റിലെ ഇടനാഴിയിൽ കൂനിക്കൂടി ഇരിക്കുകയായിരുന്ന വൃദ്ധയാചകനെ ബൂട്ടിട്ട കാലുകൊണ്ട് ആഞ്ഞുചവിട്ടി മലർത്തി. 'പോ, പോ വെളിയിൽ!'

അടുത്ത നിമിഷത്തിൽ ഈർക്കിൽ ശരീരിയായ മാഷ് കുതിച്ചെഴുന്നേറ്റ് ഇൻസ്പെക്ടറുടെ കോളറിൽ പിടിച്ചു. 'അരുത്! നിങ്ങൾക്ക് ടിക്കറ്റ് പരിശോധിക്കാം. പിടിച്ചിറക്കാം. ലോക്കപ്പിൽ അടയ്ക്കാം. പക്ഷേ, ആരെയും ചവിട്ടാൻ അധികാരമില്ല. വിശേഷിച്ചും, നിങ്ങളുടെ അച്ഛന്റെ പ്രായമുള്ള ഒരാളെ! തെറ്റിന് ക്ഷമ പറഞ്ഞേ തീരൂ!

ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും അന്തരീക്ഷം പന്തിയല്ലെന്ന് കണ്ട് അയാൾ അവശനോട് ക്ഷമ പറഞ്ഞ് തടിയൂരി. അത്രയും പേർ ഉണ്ടായിരുന്ന കമ്പാർട്ട്മെന്റിൽ ഇങ്ങനെ ഇടപെടാൻ മാഷൊരാളേ മുതിർന്നുള്ളൂ. ധർമ്മമാണ് ബലം. അതിന്റെ കൂട്ടുണ്ടെങ്കിൽ ഏത് പരാക്രമിയേയും ഏത് ബലഹീനനും നേരിടാം എന്നതായിരുന്നു പാഠം. ആചരിച്ചു കാണിച്ച് ധർമ്മമെന്തെന്ന് പഠിപ്പിക്കുന്ന ആൾ ആചാര്യൻ. ആചാര്യദേവോ ഭവഃ എന്നു പ്രാർത്ഥിക്കാം. മാഷ്ക്ക് വേണ്ടി അല്ല, നമുക്ക് വേണ്ടി!

■ ഡോ. ബി ഇക്ബാൽ

ആരോഗ്യമേഖലയിലെ അശുഭസൂചനകൾ

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾമുതൽ ജില്ലാ ആശുപത്രികൾവരെ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയിലാകുകയും പ്രാദേശികാസൂത്രണത്തിനു പദ്ധതിവിഹിതം ലഭിക്കുകയും ചെയ്തതോടെ താഴെത്തട്ടിലുള്ള ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെട്ടു തുടങ്ങി. 2001ൽ വന്ന യുഡിഎഫ് സർക്കാർ അധികാര വികേന്ദ്രീകരണം അട്ടിമറിച്ചതോടെ സർക്കാർ ആശുപത്രികൾ പ്രതിസന്ധിയിലായി.

യുഡിഎഫ് സർക്കാരിന്റെ ഭരണവൈകല്യങ്ങൾമൂലം ആരോഗ്യമേഖല വീണ്ടും തകർച്ചയെ നേരിടുകയാണെന്ന ആപത്തിന്റെ സൂചനകൾ വന്നുകൊണ്ടിരിക്കുന്നു. 1996ലെ നായനാർ സർക്കാർ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ അധികാരവികേന്ദ്രീകരണം ആരോഗ്യമേഖലയിലും ഗുണകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾമുതൽ ജില്ലാ ആശുപത്രികൾവരെ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയിലാകുകയും പ്രാദേശികാസൂത്രണത്തിനു പദ്ധതിവിഹിതം ലഭിക്കുകയും ചെയ്തതോടെ താഴെത്തട്ടിലുള്ള ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെട്ടു തുടങ്ങി. 2001ൽ വന്ന യുഡിഎഫ് സർക്കാർ അധികാരവികേന്ദ്രീകരണം അട്ടിമറിച്ചതോടെ സർക്കാർ ആശുപത്രികൾ വീണ്ടും പ്രതിസന്ധിയിലായി.

2006ൽ ഇടതുമുന്നണി സർക്കാർ അധികാരത്തിലെത്തിയതിനെ തുടർന്ന് തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് ദേശീയ ഗ്രാമീണാരോഗ്യമിഷൻ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തോടെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി. മെഡിക്കൽ കോർപറേഷൻ രൂപീകരിച്ചും ആലപ്പുഴയിലെ പൊതുമേഖല ഔഷധനിർമാണ കമ്പനി (കെഎസ്ഡിപി) പുനരുജ്ജീവിപ്പിച്ചും കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിച്ചും സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നു ലഭ്യത ഉറപ്പുവരുത്തി.

വൻകിട സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭ്യമായിരുന്ന ആധുനിക സാങ്കേതികവിദ്യകളും ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കാൻ ഇടതു സർക്കാരിനുകഴിഞ്ഞു എന്ന വസ്തുത ഇടതുമുന്നണിയുടെ രാഷ്ട്രീയശത്രുക്കൾപോലും സമ്മതിക്കുന്നുണ്ട്. ഹൃദ്രോഗ ചികിത്സയ്ക്കാവശ്യമായ കാത്ത് ലാബ്, ബൈപാസ് ശസ്ത്രക്രിയാ സംവിധാനം, ക്യാൻസർ ചികിത്സയ്ക്കാവശ്യമായ ലീനിയർ ആക്സിലേറ്റർ , സിടിഎംആർഐ സ്കാനുകൾ തുടങ്ങിയവ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യക്കാൻ ഇടതു സർക്കാരിനു കഴിഞ്ഞു.

യുഡിഎഫ് ഭരണകാലത്ത് അവഗണിക്കപ്പെട്ട് വികസനം മുരടിച്ചുനിന്ന ആലപ്പുഴ, കോട്ടയം, തൃശൂർ മെഡിക്കൽ കോളേജുകളിലെ അടിസ്ഥാനസൗകര്യവികസനം ഉറപ്പാക്കി. ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്തേക്കും മാറ്റി സ്ഥാപിച്ചു. മെഡിക്കൽ കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് സ്വകാര്യചികിത്സാ രീതി അവസാനിപ്പിച്ചതോടെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കെത്തുന്ന സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്ക് കൂടുതൽ പരിഗണന കിട്ടുകയും ഉചിതമായ ചികിത്സ ലഭിച്ചുതുടങ്ങുകയുംചെയ്തു.